# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382 — 17.12.2014 -ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് :<br>,, പി. എ. മാധവൻ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വിദ്യാലയാന്തരീക്ഷം ആരോഗ്യ പൂർണ്ണ മാക്കുന്നതിനായി എന്തെല്ലാം നടപടി കൾ ആവിഷ്കരിച്ചിട്ടുണ്ട് ; | (എ) ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും, ആരോഗ്യ - വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009 -ൽ 10% ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2013-14) കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളി ലേക്കും വ്യാപിപ്പിച്ചു. ഇപ്രകാരം സംസ്ഥാ നത്തെ 13655 സ്കൂളുകളിലെ 46 ലക്ഷ ത്തോളം കുട്ടികൾക്ക് പ്രയോജനം ലഭ്യമാകുന്ന ഈ പദ്ധതിയിൽ ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. സ്കൂളുകളിൽ പ്രത്യേകമായി നിയമിച്ചിട്ടുള്ള സ്കൂൾ ഹെൽത്ത് നഴ്സുമാ രുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കു ന്നത്. 2013-2014 സാമ്പത്തിക വർഷം സ്കൂളുകളിൽ വിദ്യാർത്ഥികളിൽ ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ LEAP (Lifestyle Education and Awareness Programme) എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ ലഹരി വിരുദ്ധ പരിപാടികളും പോഷകാഹാരം ലളിത പാചക ത്തിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി യുള്ള ഡമോൺസ്ട്രേഷൻ ക്ലാസ്സുകളും, കുട്ടികൾക്കുള്ള യോഗാപരിശീലനവും നടന്നു വരുന്നു. |

(.....2)

(ബി) സ്കൂൾ വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് - ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ നടന്നുവരുന്ന സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ആർ.ബി.എസ്.കെ. എന്നീ പദ്ധതികൾ പ്രകാരം എല്ലാ കുട്ടികളേയും വർഷത്തിൽ ഒരു തവണ മെഡിക്കൽ സ്ക്രീനിംഗ്, ഹെൽത്ത് റെക്കോഡിന്റെ സഹായത്തോടെ നടത്തിവരുന്നു. കുട്ടികളിൽ കാണപ്പെടുന്ന എല്ലാ അസുഖങ്ങൾക്കും പരിശോധന മുതൽ തുടർചികിത്സ വരെ തികച്ചും സൗജന്യമായി ആർ.ബി.എസ്.കെ / ആരോഗ്യകിരണം പദ്ധതി മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് കൃത്യമായും സമയാധിഷ്ഠിതമായും നടത്തുന്നതിനുവേണ്ടി സംസ്ഥാനതലം മുതൽ പഞ്ചായത്തു തലം വരെ വകുപ്പുമേധാവികളുടെ നേതൃത്വത്തിൽ വിവിധ അവലോകനങ്ങൾ നടത്തി വരുന്നു.

പദ്ധതികളുടെ നടത്തിപ്പ് അവലോകനം താഴെ പറയും പ്രകാരം നടന്നുവരുന്നു.

1. സംസ്ഥാനതലത്തിൽ ജില്ലാ ഓഫീസർമാരുടെ എസ്.എം.ഒ. കോൺഫറൻസിൽ സ്കൂൾ ഹെൽത്ത് പദ്ധതിയെക്കുറിച്ചും ആർ.ബി. എസ്.കെ. പദ്ധതിയെക്കുറിച്ചും വിശദമായ ജില്ലാതല അവലോകനം നടക്കുന്നു.
2. തുടർന്ന് ജില്ലാതലത്തിൽ നടക്കുന്ന ഡി.എം.ഒ. കോൺഫറൻസിൽ മേൽ പദ്ധതിയുടെ ബ്ലോക്ക്തല അവലോകനവും പ്രശ്ന പരിഹാരത്തിനുള്ള ചർച്ചകളും നടക്കുന്നു.
3. ഡി.എം.ഒ. കോൺഫറൻസിനു ശേഷം നടക്കുന്ന ബ്ലോക്ക് മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും പി.എച്ച്.സി. കോൺഫറൻസിലും സ്കൂൾ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നു.
4. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സ്കൂൾതല പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ മാസംതോറുമുള്ള റിവ്യൂ മീറ്റിംഗ് നടന്നുവരുന്നു.
5. സ്കൂൾ ഹെൽത്ത്/ആർ.ബി.എസ്.കെ. ഡിസ്ട്രിക് കോ-ഓർഡിനേറ്റേഴ്സ് 30 ൽ കുറയാതെ സ്കൂളുകളും, 5 മുതൽ 10 വരെ അംഗനവാടികളും സന്ദർശിച്ച് നേരിട്ടുള്ള അവലോകനം നടത്തുന്നു.

സെക്ഷൻ ഓഫീസർ